# കൂറ്റുവേലി ശ്രീദുർഗ്ഗാക്ഷേത്രം

എസ്. എൻ. പുരം പി. ഒ., ചേർത്തല

ഫോൺ : 0478 2863042, 6238650638

website : www.koottuvelitemple.org Youtube :Koottuveli Sree Durga Temple



# തിരുവുത്സവം

**2025 മാർച്ച് 07 മുതൽ 14 വരെ (1200 കുംഭം 23 മുതൽ 30 വരെ)**

**തൃക്കൊടിയേറ്റ്**
2025 മാർച്ച് 07 വെള്ളി

**പൂരം മഹോത്സവം**
2025 മാർച്ച് 13 വ്യാഴം

**തിരു: ആറാട്ട്**
2025 മാർച്ച് 14 വെള്ളി

# ദേവിശരണം



**യാ ദേവി സർവ്വ ഭൂതേഷു**
**മാതൃരൂപേണ സംസ്ഥിത**
**നമസ്തസ്യൈ നമസ്തസ്യൈ**
**നമസ്തസ്യൈ നമോ നമ:**

ഭക്തജനങ്ങളെ,

കൂറ്റുവേലി ശ്രീദുർഗ്ഗാക്ഷേത്രത്തിലെ തൻവർഷത്തെ തിരുവുത്സവം 2025 മാർച്ച് 07 മുതൽ 14 വരെ (1200 കുംഭം 23 മുതൽ 30 വരെ) ഉത്സവവുമായി ബന്ധപ്പെട്ട താന്ത്രിക ചടങ്ങുകളോടും, ക്ഷേത്രകലകൾ, സംഗീത – നൃത്ത, നടനകലാവിരുന്നുകളോടും കൂടി ആഘോഷപൂർവ്വം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ആര്യൻ നമ്പൂതിരിപ്പാട് തിരുവുത്സവ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നു.

സർവ്വാഭീഷ്ട വരദായിനിയായി ഭക്തജനങ്ങളുടെ ഇഷ്ടദേവതയായി പരിലസിക്കുന്ന ആദിപരാശക്തിയായി ഏവർക്കും അനുഗ്രഹ കടാക്ഷങ്ങൾ ചൊരിഞ്ഞ് വാണരുളുന്ന ശ്രീദുർഗ്ഗാദേവിയുടെ മഹോത്സവ ചടങ്ങുകളിലും, വിശേഷാൽ ദർശന പ്രാധാന്യമുള്ള ഉത്സവബലി ചടങ്ങുകളിലും, കലാപരിപാടികളിലും എല്ലാ ഭക്തജനങ്ങളുടേയും മഹനീയ സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് ദേവീനാമധേയത്തിൽ അഭ്യർത്ഥിക്കുന്നു.

*ഭക്ത്യാദരപൂർവ്വം,*

കൂറ്റുവേലി
05.01.2025

| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
|---|---|---|
| വി. പരമേശ്വരൻ ഉണ്ണി | ആർ. സജിത്കുമാർ | ഡി. രവീന്ദ്രനാഥൻ ഉണ്ണി |





2025 തിരുവുത്സവം

# 2025 മാർച്ച് 07 വെള്ളി

# തൃക്കൊടിയേറ്റ്

രാവിലെ 11 ന് : **കളഭാഭിഷേകം** വൈകിട്ട് 6.30ന് : **ദീപാരാധന**

6.45ന് : നടന മയൂഖ സ്കൂൾ ഓഫ് ഡാൻസ് (ശ്രീരാമ ക്ഷേത്രം എൻ. എസ്. എസ്. കരയോഗം) അവതരിപ്പിക്കുന്ന

## നടനം 2025

നൃത്ത സംവിധാനം : വിനീത് രാമചന്ദ്രൻ, ഗുരു ജിഷ്ണുജ കൃഷ്ണ

7 ന് : **പുഷ്പാഭിഷേകം**

കർമ്മ അസോസിയേറ്റ്സ്, കുറ്റുവേലി വക വഴിപാട്



8 നും 8.30 നും ഇടയ്ക്ക്

: **തൃക്കൊടിയേറ്റ്**



തന്ത്രിമുഖ്യൻ

ബ്രഹ്മശ്രീ പുലിയന്നൂർ ആര്യൻ നമ്പൂതിരിപ്പാട്

തുടർന്ന് : **കൊടിയേറ്റ് സദ്യ**

സമർപ്പണം: : കർമ്മ അസോസിയേറ്റ്സ്, കുറ്റുവേലി

8.45 ന് : **നൃത്താമൃതം**

അവതരണം : നർത്തകി നൃത്തകലാക്ഷേത്രം, ആനപ്രമ്പാൽ, മുത്തൂർ

നൃത്തസംവിധാനം : RLV സേതുലക്ഷ്മി വാര്യർ (MA ഭരതനാട്യം)






## 2025 മാർച്ച് 08 ശനി

# തിരുവാതിര മഹോത്സവം

രാവിലെ 8 ന് : ശ്രീബലി 10.30 ന് : ഉച്ചപ്പൂജ

11 മുതൽ 2 വരെ : **ഉത്സവബലിദർശനം**

ശ്രീമതി ശ്രീദേവി, ശ്രീനിലയം (വെളീമഠം) വക വഴിപാട്

വൈകുന്നേരം 5.30 ന്: **കാഴ്ചശ്രീബലി** 6.30 ന് : ദീപാരാധന

7 ന് : **തിരുവാതിരകളി**

അവതരണം : അശ്വനി തിരുവാതിരകളി സംഘം, കുറ്റുവേലി

7.30 ന് : **ദേവീഭജൻസ്**

വോക്കൽ : ശ്രീമതി ദീപ്തികൃഷ്ണ (MA മ്യൂസിക് RLV തൃപ്പൂണിത്തുറ)

മൃദംഗം : ശ്രീ. കുറ്റുവേലി അനിൽകുമാർ (AIR, TV ഫെയിം)

മോർസിങ് : ശ്രീ. തിരുവിഴ ജയകുമാർ കീബോർഡ് : ശ്രീ. മധു മാടക്കൽ (TV ഫെയിം)

9.30 ന് : വിളക്കിനെഴുന്നെള്ളിപ്പ്

## 2025 മാർച്ച് 09 ഞായർ


# പുണർതം മഹോത്സവം

രാവിലെ 8 ന് : ശ്രീബലി

10.30 ന് : ഉച്ചപ്പൂജ

11 മുതൽ 2 വരെ : **ഉത്സവബലിദർശനം**

ശ്രീ. രാകേഷ് മേനോൻ, വെളിപ്പറമ്പ് വക വഴിപാട്



പുണർതം തുടർച്ച......







വൈകിട്ട് 5.30 ന് : **കാഴ്ച ശ്രീബലി**

**പഞ്ചവാദ്യം, മേളം, അരങ്ങേറ്റം**

**മാസ്റ്റർമാർ**

**വിജയ് സുശീൽ, കാർത്തിക്, കാശിനാഥ്**

**ശ്രീദുർഗ്ഗാകലാക്ഷേത്രം, കുറ്റുവേലി**

6.30 ന് : **ദീപാരാധന**

7 ന് : ഹരിപ്പാട് ദേവസേന ഭജൻസ് അവതരിപ്പിക്കുന്ന

## നാമസങ്കീർത്തനം



9.30 ന് : **വിളക്കിനെഴുന്നെള്ളിപ്പ്**

## 2025 മാർച്ച് 10 തിങ്കൾ

# പൂയം മഹോത്സവം

രാവിലെ 8 ന് : ശ്രീബലി

10.30 ന് : ഉച്ചപ്പൂജ

11 മുതൽ 2 വരെ : **ഉത്സവബലിദർശനം**

**ശ്രീമതി നീതു എച്ച്.,**

**ആഞ്ജനേയം (കീച്ചേരി) വക വഴിപാട്**








പൂയം തുടർച്ച......

വൈകുന്നേരം 5.30 ന് : കാഴ്ച ശ്രീബലി
6.30 ന് : ദീപാരാധന
7 ന് : **തിരുവാതിരകളി**

അവതരണം : ശിവപാർവ്വതി തിരുവാതിരസംഘം, കൂറ്റുവേലി

7.30 ന് : **സംഗീത സദസ്സ്**

കുമാരി കീർത്തി ആർ. കൃഷ്ണ & പാർട്ടി

9.30 ന് : വിളക്കിനെഴുന്നെള്ളിപ്പ്

## 2025 മാർച്ച് 11 ചൊവ്വ

# ആയില്യം മഹോത്സവം


രാവിലെ 8ന് : ശ്രീബലി
10.30ന് : ഉച്ചപൂജ
11 മുതൽ 2 വരെ : ഉത്സവബലിദർശനം
ശ്രീ. ഉണ്ണികൃഷ്ണൻ, പോളക്കാട്ട്വെളി വക വഴിപാട്
വൈകിട്ട് 5.30 ന് : കാഴ്ച ശ്രീബലി
6.30 ന് : ദീപാരാധന
7 ന് : **തിരുവാതിരകളി**

അവതരണം : മംഗല്യ തിരുവാതിര സംഘം, ചേർത്തല
(മലയാള ബ്രഹ്മണസമാജം വനിതാവേദി, ചേർത്തല)

7.30 ന് : **നൃത്തസന്ധ്യ** (അരങ്ങേറ്റം)

അവതരണം : പൗർണ്ണമി നൃത്താലയം, കൂറ്റുവേലി
രംഗത്ത് : കുമാരിമാർ : ലക്ഷ്മി അജയ്, അനുഷ്ക അജയ്
അനന്യ ഷിബു, സൂര്യഗായത്രി, അനുശ്രീ, ഹൃദ്യ ഹരിലാൽ, അദിതി അനൂപ്
നൃത്തസംവിധാനം : ഓമന മോഹനൻ, കൂറ്റുവേലി

9.30 ന് : വിളക്കിനെഴുന്നെള്ളിപ്പ്





2025 കുറ്റുവേലി
തിരുവുത്സവം

## 2025 മാർച്ച് 12 ബുധൻ

# മകം മഹോത്സവം

രാവിലെ 8 ന് : ശ്രീബലി

സ്പെഷ്യൽ നാദസ്വരം : **ശ്രീ. തിരുവിഴ ഷാജി & പാർട്ടി** (ഡബിൾസെറ്റ്)

11.30ന് : ഉച്ചപൂജ

**മകം തൊഴൽ**

12 ന് : പ്രസാദം ഊട്ട്

ദുർഗ്ഗാ അസോസ്സിയേറ്റ്സ്, കുറ്റുവേലി വക വഴിപാട്

വൈകുന്നേരം 5 ന് : കാഴ്ച ശ്രീബലി

7 ന് : **താലപ്പൊലിവരവ്** (തെക്കും ഭാഗം)



**സ്പെഷ്യൽ മേളം :** വാദ്യശ്രീ മട്ടന്നൂർ ശ്രീ. ഉദയൻ നമ്പൂതിരി & പാർട്ടി

7.30 ന് : ദീപാരാധന

8 ന് : **തിരുവാതിരകളി**

അവതരണം : മാതംഗി തിരുവാതിര സംഘം (വനിതാവേദി SPSS, കുറ്റുവേലി)

8.30 ന്: **ഓട്ടൻതുള്ളൽ**

അവതരണം : ശ്രീമതി രമ്യാകൃഷ്ണൻ & പാർട്ടി, വൈക്കം

10 ന് : **വിളക്കിനെഴുന്നെള്ളിപ്പ്**

ഉത്സവ അഹസ്സ് സമർപ്പണം : ശ്രീപുഷ്പക ബ്രാഹ്മണ സേവാസംഘം, കുറ്റുവേലി പ്രാദേശിക സഭ







2025 കൂറ്റുവേലി
തിരുവുത്സവം

## 2025 മാർച്ച് 13 വ്യാഴം

# പൂരം മഹോത്സവം



രാവിലെ 8ന് : കാവടി അഭിഷേകം

8.30ന് : ശ്രീബലി

സ്പെഷ്യൽ നാദസ്വരം : ഗുരുവായൂർ ക്ഷേത്രം നാദസ്വര ആസ്ഥാന വിദ്വാൻ നാദസ്വര ഇശൈജ്ഞാന ഗാനനാദലയബ്രഹ്മം, നാദലയവാദ്യശ്രേഷ്ഠസംഗീത പ്രതിഭ, ചെമ്പൈമെമ്മോറിയൽ ട്രസ്റ്റ് അവാർഡ് 2022 ജേതാവ് ശ്രീ. മാവേലിക്കര അഖിൽകൃഷ്ണ (AIR)

യുവനാദലയ പ്രതിഭ യുവവാണി ശ്രീ. തിരുവൻവണ്ടൂർ അഭിജിത്ത്



സ്പെഷ്യൽ തവിൽ : വാദ്യശ്രേഷ്ഠ, ആചാര്യരത്ന പുരസ്കാര ജേതാക്കളും കാഞ്ചികാമ കോടി പീഠം ആസ്ഥാന വിദ്വാന്മാരുമായ ഹരിശ്രീ ബ്രദേഴ്സ്

ശ്രീ. ചേർത്തല S P ഹരികുമാർ &
ശ്രീ. ചേർത്തല S P ശ്രീകുമാർ
(പ്രിൻസിപ്പാൾ ക്ഷേത്രകലാപീഠം, വൈക്കം)



സ്പെഷ്യൽ പഞ്ചവാദ്യം : ശ്രീ. കൂറ്റുവേലി അജിത്കുമാർ & പാർട്ടി

12 ന് : ഉച്ചപൂജ (തുലാഭാരം, ചോറൂണ്, അടിമ, മുതലായ വഴിപാടുകൾ)

12.30 ന് : ശ്രീദുർഗ്ഗാവിലാസിനി പുരസ്ക്കാര സമർപ്പണവും ക്യാഷ് അവാർഡ് വിതരണവും








ഉച്ചയ്ക്ക് 1 ന് : **പ്രസാദമൂട്ട്**

സമർപ്പണം : ശ്രീമതി രധാമണിയമ്മ,
ശ്രീ. രാജീവ്, മാസ്റ്റർമാർ നീത്വിക്, രാഘവ്, വൃന്ദാവനം

വൈകുന്നേരം 4.30 ന് :

# പകൽ പൂരം

## എതിരേൽപ്പ്, താലപ്പൊലി

(തെക്കേടത്ത് ശ്രീധർമ്മ ശാസ്താവിനെയും വേട്ടയ്ക്കൊരുമകനെയും ചേർത്തുള്ള കുട്ടിയെഴുന്നള്ളിപ്പ്)

## സ്പെഷ്യൽ പഞ്ചാരിമേളം :
## വാദ്യകുലപതി ശ്രീ. അത്താലൂർ ശിവൻ & പാർട്ടി




9 ന്: **ചുറ്റുവിളക്ക്, ദീപാരാധന**

11 ന് : **വിളക്കിനെഴുന്നെള്ളിപ്പ്**

## യാത്രയയപ്പ്

(വിളക്കിനെഴുന്നെള്ളിപ്പിനോടുകൂടിയുള്ള തെക്കേടത്ത് ശ്രീധർമ്മ ശാസ്താവിന്റെയും, വേട്ടയ്ക്കൊരു മകന്റെയും വിടവാങ്ങൽ ചടങ്ങാണ് യാത്രയയപ്പ്. ക്ഷേത്ര മഹോത്സവത്തിന്റെ ഭക്തിനിർഭരമായ ഒരു ചടങ്ങാണിത്.
ഈ യാത്രയയപ്പിന് സാക്ഷ്യം വഹിക്കുക എന്നത് അത്യന്തം പുണ്യകരവും, ശ്രേഷ്ഠവും, മോക്ഷദായകവുമാണ്)





# ശ്രീദുർഗ്ഗാ കലാക്ഷേത്രവാദ്യ ട്രസ്റ്റ്

കൂറ്റുവേലി, ഫോൺ : 0478 2863042



## ശ്രീദുർഗ്ഗാവിലാസിനി ക്ഷേത്രകലാരത്ന പുരസ്കാരസമർപ്പണവും ക്യാഷ് അവാർഡ് വിതരണവും

ഭക്തജനങ്ങളെ,

കേരളീയ ക്ഷേത്രവാദ്യകലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന സർഗ്ഗ പ്രതിഭകളെയും, ഈ നാട്ടിലെ മറ്റ് രംഗങ്ങളിൽ മികച്ച അംഗീകാരം ലഭിച്ച വ്യക്തികളെയും ആദരിക്കുന്നതിനായി ദേവീനാമധേയത്തിൽ ഒരു ചാരിറ്റബിൾ ട്രസ്റ്റ് ഈ ക്ഷേത്രസന്നിധിയിൽ പ്രവർത്തിക്കുന്നു. ഈ ട്രസ്റ്റിന്റെ 9-ാമത് കൂറ്റുവേലി ശ്രീദുർഗ്ഗാവിലാസിനി ക്ഷേത്ര കലാരത്ന പുരസ്കാരം 2025 മാർച്ച് 13-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.30ന് ക്ഷേത്രസന്നിധിയിൽ വച്ച് കൂറ്റുവേലി ദേവസ്വത്തിന്റെയും, ശ്രീദുർഗ്ഗാ കലാക്ഷേത്ര ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ സുപ്രസിദ്ധ ഇടയ്ക്ക വിദ്വാൻ **ശ്രീ. തൃക്കാമ്പുറം ജയൻ മാരാർക്ക്** സ്നേഹാദരങ്ങളോടെ സമർപ്പിക്കുന്നു. അതോടൊപ്പം ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട സരസ്വതീക്ഷേത്രമായ കൂറ്റുവേലി ശ്രീദുർഗ്ഗാവിലാസിനി ഹയർസെക്കന്ററി സ്കൂളിലെ (ഡി.വി.എച്ച്.എസ്.എസ് ചാരമംഗലം) സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിന്ന് എസ്.എസ്.എൽ.സിക്ക് ഉന്നത വിജയം കരസ്ഥമാക്കിയ **കുമാരി രാജലക്ഷ്മി സി. ആർ.** ചെട്ടിയാഴത്ത്, ചെറുവാരണം, വാരണം പി.ഒ., ചേർത്തല എന്ന വിദ്യാർത്ഥിനിയ്ക്ക് ക്യാഷ് അവാർഡും നൽകുന്നു. ഈ മംഗളവേളയിൽ ഭക്തജനങ്ങളുടെ എല്ലാവിധ സാന്നിദ്ധ്യ സഹകരണങ്ങളും സവിനയം ക്ഷണിച്ചുകൊള്ളുന്നു.

### തിരുവുത്സവത്തോടനുബന്ധിച്ച് ദിവസേനയുള്ള ക്ഷേത്ര ചടങ്ങുകൾ

| | | |
|---|---|---|
| രാവിലെ 4 ന് | : | പള്ളിയുണർത്തൽ |
| 4.30 മുതൽ 5 വരെ | : | നിർമ്മാല്യദർശനം |
| 5 മുതൽ | : | അഭിഷേകം, വിശേഷാൽപൂജകൾ |
| 6.30 ന് | : | ആറാട്ടിനെഴുന്നെള്ളിപ്പ് |
| നാദസ്വരം | : | ശ്രീ. തിരുവിഴ ഷാജി & പാർട്ടി |
| മേളം | : | ശ്രീ. അജിത് കുമാർ & പാർട്ടി |

### അറിയിപ്പുകൾ

1. തിരുവുത്സവ ദിവസങ്ങളിൽ നടതുറന്നിരിക്കുന്ന സമയത്ത് കൊടിമരച്ചുവട്ടിൽ നിറപറ സമർപ്പിക്കാവുന്നതാണ്.
2. ഭക്തജനങ്ങൾ ക്ഷേത്രാചാരമര്യാദകൾ കർശനമായും പാലിക്കേണ്ടതാണ്
3. വാദ്യസമേതം വരുന്ന വഴിപാടുകൾ രാത്രി 9 മണിക്ക് മുൻപായി ക്ഷേത്രസന്നിധിയിൽ എത്തിച്ചേരേണ്ടതാണ്.
4. തപ്പ്മേളം, ശിങ്കാരിമേളം, കരകം തുള്ളൽ, ഗരുഡൻപയറ്റ് എന്നിവ ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ അനുവദിക്കുന്നതല്ല.
5. താലപ്പൊലി വഴിപാടുകൾ ദേവസ്വത്തിന്റ നിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കേണ്ടതും വഴിപാട് സമർപ്പിച്ച ശേഷം ഉടൻതന്നെ വാദ്യമേളങ്ങൾ അവസാനിപ്പിക്കേണ്ടതുമാണ്.
6. ക്ഷേത്ര പരിസരങ്ങളിൽ ചൂതുകളി, മദ്യവിൽപ്പന എന്നിവ അനുവദിക്കുന്നതല്ല.
7. ക്ഷേത്രപരിസരത്ത് കച്ചവടം നടത്തുന്നതിന് ദേവസ്വത്തിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
8. ഉത്സവപരിപാടികളുടെ ഇനത്തിലും സമയക്രമത്തിലും ആവശ്യമായ മാറ്റത്തിന് ദേവസ്വത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേക അറിയിപ്പ്**

**ബഹു: കോടതി ഉത്തരവുകൾക്കും, സർക്കാർ നിയന്ത്രണങ്ങൾക്കും വിധേയമായി രാത്രി 10 മണിക്ക് ശേഷം മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുവാൻ അനുവാദം ലഭിക്കാത്തതിനാൽ ക്ഷേത്രചടങ്ങുകൾ താമസിക്കുന്നതുമൂലം ചില കലാപരിപാടികൾ (നാടകം, നൃത്തനാടകം etc.) ഒഴിവാക്കേണ്ടി വന്നിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു. – സെക്രട്ടറി**

| | | |
|---|---|---|
| ശബ്ദവും വെളിച്ചവും | : | അംബികാ സൗണ്ട്സ്, കൂറ്റുവേലി |
| ഡെക്കറേഷൻ | : | സഞ്ജയ് ഡെക്കറേഷൻ, പള്ളിക്കുന്ന്, മുഹമ്മ |
| പ്രിന്റിംഗ് & ഡിസൈനിംഗ് | : | ജെ.കെ പ്രിന്റേഴ്സ്, തിരുവിഴ, 9447224440 |




## 2025 മാർച്ച് 14 വെള്ളി

# ആറാട്ട് മഹോത്സവം

രാവിലെ 6 ന് : നടതുറക്കൽ, അഭിഷേകം, വിശേഷാൽ പൂജകൾ

വൈകുന്നേരം 5 ന് : നടതുറക്കൽ

ആറാട്ട്ബലി, കൊടിയിറക്ക്,

വാഹനപൂജ, ആറാട്ടിനെഴുന്നെള്ളിപ്പ്




6.30 ന് : **ചാക്യാർകൂത്ത്**

അവതരണം : ചാക്യാർകുത്ത് കുലപതി ഡോ. എടനാട് രാജൻ നമ്പ്യാർ

7.30 മുതൽ : **ആറാട്ട് വരവ്**

എതിരേല്പ്, വലിയകാണിക്ക



**സ്പെഷ്യൽ പാണ്ടിമേളം :**

**വാദ്യശ്രേഷ്ഠ ശ്രീ. തേരൊഴി രാമക്കുറുപ്പ്**

**& പാർട്ടി**



